Draft #5 of File 72547/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Sep-2021 04:14 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

**<u>സംഗ്രഹം</u>**

കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (സ്വയംഭരണം) - 2021-22 അക്കാദമിക വർഷത്തേക്ക് B.Com Model II (Voc:Finance & Taxation ) , B.Com Model II (Voc:Finance & Taxation ) Additional Batch പ്രോഗ്രാമുകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4960/AC B 7/2021/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 24.09.2021

---

*പരാമർശം:*-1. കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പലിന്റെ 20.09.2021ലെ RCSS/607/MI/2021 നമ്പർ കത്ത്

2 .05/08/2021 ലെ 1011/2021/ഉ.വി.വ നമ്പർ ഗവണ്മെന്റ് ഉത്തരവ്

3.09/08/2021 ലെ 3867/AC A1/2021/എം ജി യു നമ്പർ ഉത്തരവ്

4.9/8/2021 തീയതിയിലെ 105637/AC A1-3/2021/VC SECTION നമ്പർ വിജ്ഞാപനം .

5.07/08/2021 ലെ സർവകലാശാലാ ഉത്തരവ് നം 3848/AC B7/2021/MGU.

6 .12/08/2021 തീയതിയിലെ 3952/ACB7/2021/MGU നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

സ്വയംഭരണ പദവിയുള്ള കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് , പ്രിൻസിപ്പൽ ടി കോളേജിലെ B.Com Model II (Voc: Finance & Taxation ), B.Com Model II (Voc: Finance & Taxation ) Additional Batch എന്നീ പ്രോഗ്രാമുകളിൽ 2021-2022 അക്കാഡമിക് വർഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനായി ആകെ 15000/- രൂപ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.വിവിധ യു.ജി ,പി.ജി പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ടുള്ള പരാമർശം(2) സർക്കാർ ഉത്തരവിനെ തുടർന്ന് പരാമർശം(3) സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .ടി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പരാമർശം(4) വിജ്ഞാപനത്തിൽ കോളേജുകളുടെ സൗകര്യമനുസരിച്ച് നിലവിലുള്ള നിയമപ്രകാരവും സർക്കാരിന് അധിക ബാധ്യത ഉണ്ടാകാത്ത രീതിയിലും സീറ്റ് വർദ്ധനവ് ആവശ്യമുള്ള കോളേജുകൾ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.ഇപ്രകാരം അപേക്ഷ സമർപ്പിച്ച രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് വിവിധ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് പരാമർശം(5) പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവ്

അനുവദിച്ചിട്ടുള്ളതാണ്.ഇതിന് ശേഷമാണ് പരാമർശം(6) പ്രകാരം കോളേജിന് സ്ഥിരം സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

2021 വർഷത്തിൽ വിദ്യാർത്ഥികളിൽ നിന്നുമുള്ള ആവശ്യം പരിഗണിച്ച് രണ്ടു പ്രോഗ്രാമുകൾക്ക് സ്ഥിരം സീറ്റ് വർദ്ധനവിന് ശേഷം മാർജിനൽ സീറ്റ് വർദ്ധനവ് ആവശ്യപ്പെട്ടിരിക്കുന്നു.രാജഗിരി കോളേജിന്റെ അപേക്ഷ പരിഗണിച്ച് മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിയ്ക്കുന്നതിന് ബഹു. വൈസ് ചാൻസിലർ അനുമതി നൽകിയിട്ടുണ്ട്.

ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റും ആർട്സ്,കൊമേഴ്സ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റ് വരെയും എന്ന കണക്കിലാണ് നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നത്. കളമശേരി രാജഗിരി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് താഴെ പറയുന്ന വിധത്തിൽ 2021 -22 അക്കാഡമിക് വർഷത്തേക്ക് ടി കോളേജിന് രണ്ട് സ്വാശ്രയ പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധനവ് അനുവദിക്കാൻ ഉത്തരവാകുകയും ചെയ്യുിരിക്കുന്നു.

| RAJAGIRI COLLEGE OF SOCIAL SCIENCES,KALAMASSERY (AUTONOMOUS) | | | | |
|---|---|---|---|---|
| SL NO | PROGRAMME | SANCTIONED STRENGTH | MARGINAL INCREASE | TOTAL INTAKE |
| 1 | B.Com Model II (Voc.Finance &Taxation | 60 | 10 | 70 |
| 2 | B.Com Model II (Voc.Finance &Taxation) Additional Batch | 60 | 10 | 70 |

തദനുസരണം കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയസസിന് 2021 -22 അക്കാദമിക വർഷത്തേക്ക് രണ്ടു സ്വാശ്രയ ബിരുദ പ്രോഗ്രാമുകൾക്ക് അധിക സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ

Draft #5 of File 72547/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Sep-2021 04:14 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പി.എ.മാർ

3.പ്രിൻസിപ്പൽ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,കളമശ്ശേരി

4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)

5.ഡെപ്യൂട്ടി രജിസ്ട്രാർ I/II/III (അക്കാദമിക്)

6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)

7.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യൂ.എ.സി.

8.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39

Draft #5 of File 72547/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Sep-2021 04:14 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം